بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 12.06.2020 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## നബി(സ)തിരുമേനിയുടെ ഔന്നത്യപദവിയിലുള്ള ബദരീ സ്വഹാബികളായ ഹദ്റത്ത് സഈദുബ്നു സൈദ്, ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ് എന്നിവരുടെ സ്തുത്യർഹമായ ഗുണവിശേഷങ്ങളുടെ വിശ്വാസദീപ്തമായ വിവരണങ്ങൾ.

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۙ الرَّحۡمٰنِ الرَّحِيۡمِ ۙ مٰلِكِ يَوۡمِ الدِّيۡنِ ؕ اِيَّاكَ نَعۡبُدُ وَ اِيَّاكَ نَسۡتَعِيۡنُ ؕ

اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۙ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ ۙ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ﴿۷﴾

തശഹ്ഹുദും തഅവ്വുദും സൂറ ഫാത്തിഹയും ഓതിയതിനു ശേഷം ഹുസൂർ പറഞ്ഞു;

ഇന്ന് ഞാൻ വിവരിക്കാൻ പോകുന്ന സ്വഹാബികളിൽ ഒരു സ്വഹാബിയുടെ പേര് സഅദുബ്നു സൈദ് എന്നാണ്. ഹദ്റത്ത് സഅദിന്റെ പിതാവിന്റെ പേര് സൈദുബ്നു അംറ് എന്നും മാതാവിന്റെ പേര് ഫാത്തിമ എന്നുമായിരുന്നു. അദീ ബിൻ കഅബ് ഇബ്നു ലുഅയി ഗോത്രവുമായിട്ടായിരുന്നു ബന്ധം. ഹദ്റത്ത് സഈദുബ്നു സൈദ് നല്ല പൊക്കമുള്ള ഗോതമ്പുനിറമുള്ള ശരീരവും ഇടതിങ്ങിയ തലമുടിയോടുംകൂടിയ ആളായിരുന്നു. ഹദ്റത്ത് ഉമറുബ്നു ഖത്വാബ്(റ)ന്റെ പിതൃസഹോദര പുത്രനായിരുന്നു അദ്ദേഹം. അദ്ദേഹത്തിന്റെ വംശാവലിയുടെ എട്ടാം തലമുറ കഅബുബ്നു ലുഅയി യിലെത്തി നബി(സ)തിരുമേനിയുമായി ചേരുന്നു. ഹദ്റത്ത് സഈദിന്റെ സഹോദരിയായ ആത്തിഖയുടെ വിവാഹം ഹദ്റത്ത് ഉമറുമായും ഹദ്റത്ത് ഉമറിന്റെ സഹോദിരിയായ ഫാത്വിമയുടെ വിവാഹം ഹദ്റത്ത് സഈദിന്റെ കൂടെയും നടന്നു. ഹദ്റത്ത് ഉമർ(റ) ഇസ്‌ലാം സ്വീകരിക്കാൻ കാരണക്കാരിയായത് ഈ സഹോദരിയായിരുന്നു. ഹദ്റത്ത് സഈദിന്റെ പിതാവ് സൈദുബിൻ അംറ് ജാഹിലിയ്യാ കാലത്ത് ഏകദൈവാരാധകനായിരുന്നു. ഹദ്റത്ത് ഇബ്രാഹീമിന്റെ മതത്തെ അന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇബ്രാഹീമിന്റെ ആരാധ്യനാണ് എന്റെയും ആരാധ്യൻ എന്നും ഇബ്രാഹീമിന്റെ മതം തന്നെയാണ് എന്റെയും മതമെന്നും അദ്ദേഹം പറയുമായിരുന്നു. അക്കാലത്തും ഏകദൈവാരാധകർ ഉണ്ടായിരുന്നു. ഇസ്‌ലാമിന്റെ ആഗമനത്തിനു മുൻപ് നബി(സ)തിരുമേനിയുടെ മതമേതായിരുന്നു എന്നും ആരെയാണ് ആരാധിച്ചിരുന്നത് എന്നും ചില കുട്ടികൾ ചോദിക്കാറുണ്ട്. നബി(സ)തിരുമേനി ഏറ്റവും ശ്രേഷ്ഠനായ ഏകദൈവ വിശ്വാസിയും ഏകദൈവാരാധകനുമായിരുന്നു. സൈദുബ്നു അംറ് എല്ലാവിധത്തിലുള്ള നീചകൃത്യങ്ങളിൽ നിന്നും നിഷിധ കർമ്മങ്ങളിൽ നിന്നും വിട്ടു നിന്നിരുന്നു. ബഹുദൈവാരാധകർ അറുത്ത മാംസം കഴിച്ചിരുന്നില്ല.

സൈദുബ്നു അംറ് നബി(സ)തിരുമേനിയുടെ കാലഘട്ടം പ്രാപിച്ചുവെങ്കിലും തിരുമേനിയുടെ ദൈവനിയോഗത്തിനു മുൻപ് മരണപ്പെടുകയുണ്ടായി. ഹദ്റത്ത് ആമിർബിൻ റബീഅ വിവരിക്കുന്നു; അദ്ദേഹം ഒരിക്കൽ എന്നോടു ഇപ്രകാരം പറഞ്ഞു; അല്ലയോ ആമിർ! നോക്കൂ, എനിക്കെന്റെ സമുദായത്തോട് അഭിപ്രായഭിന്നതയുണ്ട്. ഞാൻ ഇബ്രാഹിമിന്റെ മതത്തിന്റെ അനുയായിയാകുന്നു. ഞാൻ ഇസ്മാഈൽ പരമ്പരയിൽ വരുന്ന ഒരു നബിയെ പ്രതീക്ഷിച്ചിരിക്കുകയാണ്. എന്നാൽ എനിക്ക് അദ്ദേഹത്തിന്റെ കാലഘട്ടം പ്രാപിക്കാനും അദ്ദേഹത്തെ സാക്ഷ്യപ്പെടുത്താനും അദ്ദേഹത്തിൽ വിശ്വസിച്ച് അദ്ദേഹം സത്യവാനാണെന്ന് സാക്ഷ്യം വഹിക്കാനും സാധിക്കുമെന്നു തോന്നുന്നില്ല. അല്ലയോ ആമിർ! താങ്കൾ അദ്ദേഹത്തിന്റെ കാലഘട്ടം പ്രാപിച്ചാൽ അദ്ദേഹത്തിന് എന്റെ സലാം എത്തിക്കുക. ആമിർ പറയുന്നു; പിന്നീട് നബി(സ)തിരുമേനി വെളിപ്പെട്ടപ്പോൾ ഞാൻ മുസ്‌ലിമാകുകയും നബി(സ) തിരുമേനിക്ക് സൈദുബ്നു അംറിന്റെ സന്ദേശമെത്തിക്കുകയും ചെയ്തു. നബി(സ)തിരുമേനി സലാമിനു മറുപടി നല്കുകയും അദ്ദേഹത്തിനു വേണ്ടി ദുആ ചെയ്യുകയും ചെയ്തു. എന്നിട്ടു പറഞ്ഞു; ഞാൻ സ്വർഗത്തിൽ അദ്ദേഹത്തെ മടിശ്ശീല നിറയ്ക്കുന്ന അവസ്ഥയിൽ കാണുകയുണ്ടായി". താനൊരു ഏകദൈവവിശ്വാസിയാണെന്നതിൽ സൈദ് വളരെ അഭിമാനം കൊണ്ടിരുന്നു.

സഅദുബ്നു മുസയ്യിബ് വിവരിക്കുന്നു; നബി(സ)തിരുമേനിയുടെ നിയോഗത്തിന് അഞ്ചുവർഷം മുൻപാണ് സൈദുബ്നു അംറ് വഫാത്തായത്. ഒരു നിവേദനത്തിൽ ഇപ്രകാരം കാണാം; നബി(സ) തിരുമേനിയോട് ഹദ്റത്ത് സൈദുബ്നു അംറിനെക്കുറിച്ച് ചോദിച്ചപ്പോൾ തിരുമേനി പറഞ്ഞു; ഖിയാമത്തുനാളിൽ ഒരു സമുദായത്തെയെന്നപോലെ അദ്ദേഹത്തെ ഉയർത്തെഴുന്നേല്പിക്കുന്നതാണ്.

ഞാൻ പറഞ്ഞതുപോലെ ഹദ്റത്ത് സഅദുബ്നു സൈദ് ഹദ്റത്ത് ഉമർ(റ)ന്റെ സഹോദരീ ഭർത്താവായിരുന്നു. ഹദ്റത്ത് സ്ഈദുബ്നു സൈദിന്റെ സഹോദിരിയായ ആത്തിഖ ബിൻത് സൈദിനെ ഹദ്റത്ത് ഉമർ(റ) വിവാഹം

ചെയ്തു. ഹദ്റത്ത് സഈദുബ്നു സൈദും അദ്ദേഹത്തിന്റെ ഭാര്യയായ ഹദ്റത്ത് ഫാത്വിമ ബിൻത് ഖത്വാബും നബി(സ)തിരുമേനി ദാറെ അർഖമിൽ പ്രവേശിക്കുന്നതിനു മുൻപേ ഇസ്ലാം മതം സ്വീകരിച്ചു. ഞാൻ പറഞ്ഞതു പോലെ ഹദ്റത്ത് ഉമർ(റ) മുസ്ലിമാകാൻ കാരണക്കാരിയായത് അദ്ദേഹത്തിന്റെ ഭാര്യയായിരുന്നു.

തുടർന്ന് ഹുസൂർ ഹദ്റത്ത് ഉമർ(റ) ഇസ്ലാം ആശ്ലേഷിച്ചതിന്റെ വിശ്വാസ ദീപ്തമായ സംഭവം വിവരിച്ച ശേഷം പറഞ്ഞു; ഇതേ സഈദ് മുഖേനയാണ് ഹദ്റത്ത് ഉമർ(റ) ഇസ്ലാം സ്വീകരിച്ചത്. ഹദ്റത്ത് സഈദിബ്നു സൈദ് പ്രാരംഭ മുഹാജിരീങ്ങളിൽ ഉൾപ്പെട്ടിരുന്നു. നബി(സ)തിരുമേനി ഹദ്റത്ത് റാഫിഉബ്നു മാലിക്കുമായി അദ്ദേഹത്തിന്റെ സാഹോദര്യബന്ധമുണ്ടാക്കി. ഹദ്റത്ത് ഉബയ്യിബ്നു കഅബുമായിട്ടായിരുന്നു എന്നും മറ്റൊരു നിവേദനത്തിലുണ്ട്.

ഹദ്റത്ത് സഈദിബ്നു സൈദിന് ബദർ യുദ്ധത്തിൽ പങ്കെടുക്കാൻ സാധിച്ചിരുന്നില്ല. അദ്ദേഹം ബദർ യുദ്ധത്തിൽ പങ്കെടുക്കാതിരിക്കുവാനുള്ള കാരണമിതാണ്, അതായത് ഖുറൈശികളുടെ ഒരു സംഘം ശാമിൽ നിന്നും പുറപ്പെട്ടുവെന്ന നിഗമനത്തിൽ നബി(സ)തിരുമേനി മദീനയിൽ നിന്നും പുറപ്പെടുന്നതിനു പതിനഞ്ചു ദിവസം മുൻപ് ഹദ്റത്ത് ത്വൽഹാ ബിൻ അബ്ദുല്ലാഹ്, ഹദ്റത്ത് സഈദുബ്നു സൈദ് രണ്ടുപേരെയും ആ സംഘത്തെക്കുറിച്ചറിയുന്നതിനായി അയക്കുകയുണ്ടായി. എന്നാൽ ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സഈദും തിരിച്ചെത്തുന്നതിനു മുൻപുതന്നെ ആ സംഘം അതുവഴി കടന്നുപോയി എന്ന വിവരം നബി(സ) തിരുമേനിക്കു ലഭിച്ചു. ഹദ്റത്ത് ത്വൽഹയും ഹദ്റത്ത് സഈദുബ്നു സൈദും ഈ വിവരം അറിയിക്കുന്നതിനായി മദീനയിലേക്കു തിരിച്ചു. അവർക്കു രണ്ടുപേർക്കും നബി(സ)തിരുമേനി ബദർ യുദ്ധത്തിനായി പുറപ്പെടുന്ന വിവരമുണ്ടായിരുന്നില്ല. നബി (സ)തിരുമേനി ബദറിൽ ഖുറൈശികളുമായി ഏറ്റുമുട്ടിക്കൊണ്ടിരിക്കുമ്പോളാണ് അവർ രണ്ടുപേരും മദീനയിലെത്തുന്നത്. അങ്ങനെ അവർ രണ്ടുപേരും നബി(സ)തിരുമേനിയുടെ മുന്നിൽ ഹാജരാകുന്നതിനായി മദീനയിൽ നിന്നും പുറപ്പെട്ടു. ഒടുവിൽ നബി(സ)തിരുമേനി ബദറി ൽ നിന്നും തിരിച്ചുവരുമ്പോൾ തുർബാൻ എന്ന സ്ഥല ത്തു വച്ച് അവരുമായി കണ്ടുമുട്ടി. അങ്ങനെ അവർ ബദർ യുദ്ധത്തിൽ പങ്കെടുത്തില്ലെങ്കിലും നബി(സ)തിരുമേനി അവർക്ക് ഗനീമത്തു മുതലിൽ നിന്നും പങ്ക് നൽകുകയും അവരെ ബദരീ സ്വഹാബികളിൽ ഉൾപ്പെടുത്തുകയും ചെയ്തു.

ഹദ്റത്ത് സഈദുബ്നു സൈദ് അശ്റ മുബശ്ശിറയിൽ ഉൾപ്പെടുന്നു. അശ്റ മുബശ്ശിറ നബി(സ)തിരുമേനിയിൽ നിന്നും സ്വർഗ്ഗസ്ഥരാകുമെന്നുള്ള സുവാർത്ത ഈ ലോകത്തുവച്ചുതന്നെ ലഭിച്ച പത്ത് സൗഭാഗ്യരായ സ്വഹാബികളായിരുന്നു. ഹദറത്ത് അബ്ദുറഹ്മാനുബ്നു ഔഫ് വിവരിക്കുന്നു; നബി(സ)തിരുമേനി അബൂബക്കർ,ഉമർ, ഉസ്മാൻ , അലി, സുബൈർ, അബ്ദുറഹ്മാനുബ്നു ഔഫ്, സഅദുബ്നു അബീവഖാസ്, സഈദുബ്നു സൈദ്, അബൂ ഉബൈദാ ബിൻ അൽജറാഹ് എന്നിവരുടെ ഓരോരുത്തരുടെയും പേരെടുത്തുകൊണ്ട്  ഇവർ സ്വർഗസ്ഥരായിരിക്കും എന്ന് പറയുകയുണ്ടായി.

ഹദ്റത്ത് ഉമർ(റ)ന്റെ ഖിലാഫത്തുകാലത്ത് ശാമിലെ യുദ്ധത്തിലേക്കായി സൈനികരെ നിയമിക്കുമ്പോൾ ഹദ്റത്ത് സഈദുബ്നു സൈദ്(റ) ഹദ്റത്ത് അബൂ ഉബൈദക്കു കീഴിൽ കാലാൾപ്പടയുടെ ഓഫീസറായി നിയമിതനായി. ദിമിശ്ഖിലെ ഉപരോധത്തിലും യർമൂക്കിലെ നിർണ്ണായകമായ യുദ്ധത്തിലുമെല്ലാം സധൈര്യം ജീവൻമരണ പോരാട്ടം കാഴ്ചവച്ചു. ഹദ്റത്ത് സഈദുബിൻ സൈദിന് വലിയ വിപ്ലവം മുന്നിൽകാണേണ്ടി വന്നിട്ടുണ്ട്. എന്നാൽ അദ്ദേഹം തന്റെ തഖ്വയുടെയും സംയമന സ്വഭാവത്തിന്റെയും കാരണത്താൽ ഈ വഴക്കുകളിൽ നിന്നെല്ലാം ഒഴിഞ്ഞുമാറി. എന്നാൽ തന്റെ നിലപാട് വ്യക്തമാക്കുന്നതിൽ യാതൊരു മടിയും കാണിച്ചിരുന്നില്ല.

ഹദ്റത്ത് സഈദുബിൻ സൈദ്  ഹിജിരി 50 അല്ലെങ്കിൽ 55 ൽ എഴുപതോ അതിൽകൂടുതലോ വയസ്സ് പ്രായത്തിൽ വെള്ളിയാഴ്ച ദിവസം വഫാത്തായി. മദീനാ പരിസരത്ത് അഖീഖ് എന്ന സ്ഥലത്തായിരുന്നു അദ്ദേഹത്തിന്റെ സ്ഥിരവാസം. ഹദ്റത്ത് അബ്ദുല്ലാഹിബ്നു ഉമർ ജുമാആക്കുവേണ്ടി തയ്യാറായിക്കൊണ്ടിരിക്കുകയായിരുന്നു അപ്പോഴാണ് സഈദിന്റെ മരണവാർത്തയറിയുന്നത്. അങ്ങനെ അദ്ദേഹം ജുമുആക്കു പോകാതെ ഉടനെ അഖീഖിലേക്കുപോയി. ഹദ്റത്ത് സഅദുബിൻ അബീവഖാസ് മയ്യിത്ത് കുളിപ്പിച്ചു. ജനങ്ങൾ അദ്ദേഹത്തിന്റെ മൃതശരീരവും വഹിച്ച് മദീനയിലെത്തി. ഹദ്റത്ത് അബദുല്ലാഹിബ്നു ഉമർ ജനാസ നമസ്കരിപ്പിച്ചു. മദീനയിൽ അദ്ദേഹത്തെ ഖബറടക്കി.

ഹദ്റത്ത് സഈദിബ്നു സൈദ് വിവിധ ഘട്ടങ്ങളിലായി പത്ത് വിവാഹങ്ങൾ കഴിക്കുകയുണ്ടായി. അതിൽ നിന്നെല്ലാമായി പതിമൂന്ന് ആൺമക്കളും പത്തൊൻപത് പെൺമക്കളുമുണ്ടായി.

അടുത്തതായി പറയാൻ പോകുന്നത് അബ്ദുറഹ് മാനുബ്നു ഔഫ്(റ)നെക്കുറിച്ചാണ്. ജാഹിലിയ്യാ കാലത്ത് ഹദ്റത്ത് അബദുറഹ്മാനുബ്നു ഔഫിന്റെ പേര് അബ്ദെ അംറ് എന്നായിരുന്നു. മറ്റൊരു നിവേദനപ്രകാരം അബ്ദുൽകഅ്ബ എന്നുമാണ്. മുസ്ലിമായതിനു ശേഷം നബി(സ)തിരുമേനി അദ്ദേഹത്തിന്റെ പേര് അബ്ദുറഹ്മാൻ എന്നു വച്ചു.

സഹല ബിൻത് ആസിം വിവരിക്കുന്നു; ഹദ്റത്ത് അബ്ദുറഹ്മാന് വെളുത്ത നിറമായിരുന്നു. നീണ്ട കൺപീലികളുള്ള മനോഹരമായ കണ്ണുകളും നീണ്ട മൂക്കും, ചെവികൾക്കു കീഴെവരെ നീണ്ടമുതലമുടിയുമുണ്ടായിരുന്നു. നീണ്ട കഴുത്തും ദൃഢമായ കൈപ്പത്തികളും തടിച്ച വിരലുകളുമായിരുന്നു.

ജീവിതകാലത്തുവച്ചു തന്നെ സ്വർഗത്തെക്കുറിച്ച് സുവാർത്ത ലഭിച്ച പത്ത് സ്വഹാബികളിൽപ്പെട്ടയാളായിരുന്നു ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്. ഹദ്റത്ത് ഉമർ(റ) ഖിലാഫത്തിന്റെ തെരെഞ്ഞടുപ്പിനായി നിശ്ചയിച്ച ആറ് ശുറാ അംഗങ്ങളിൽപ്പെട്ടയാളായിരുന്നു അദ്ദേഹം. ഹദ്റത്ത് ഉമർ(റ) പറഞ്ഞു; നബി(സ)തിരുമേനി വഫാത്തിനു മുൻപ് തൃപ്തിയറിച്ച ആറുപേരാണിവർ. ആമുൽ ഫീലിന്റെ(അസ്ഹാബുൽ ഫീൽ സംഭവം നടന്ന വർഷം. -വിവ:) പത്തുവർഷങ്ങൾക്കു ശേഷമാണ് ഹദ്റത്ത് അബ്ദുറഹ്മാൻ ജനിച്ചത്. ജാഹിലിയ്യാ കാലഘട്ടിത്തിൽത്തന്നെ മദ്യപാനം നിഷിധമാക്കിയ വളരെ ചുരുക്കം ചിലരിൽ അദ്ദേഹം പെടുന്നു. ആരംഭത്തിൽ ഇസ്ലാം സ്വീകരിച്ച എട്ടുപേരിൽ അദ്ദേഹമുണ്ട്. ഹബ്ശയിലേക്കു ചെയ്യപ്പെട്ട രണ്ടുഹിജ്റത്തുകളിലും അദ്ദേഹം ഉൾപ്പെട്ടിരുന്നു. ബുഖാരിയിലെ നിവേദനമാണ്, ഹദ്റത്ത് അബ്ദുറഹ് മാനുബ്നു ഔഫ് വിവരിക്കുന്നു; ഞങ്ങൾ മദീനയിലെത്തിക്കഴിഞ്ഞപ്പോൾ നബി(സ)തിരുമേനി എനിക്കും സഅദുബിനുറബീഇനുമിടയിൽ സാഹോദര്യ ബന്ധമുണ്ടാക്കി.പരസ്പരം സഹോദരന്മാരാക്കി. കുറച്ചു കാലങ്ങൾക്കു ശേഷം ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫിന്റെ ശരീരത്തിൽ കുങ്കുമത്തിന്റെ അടയാളം കണ്ടപ്പോൾ നബി(സ)തിരുമേനി ചോദിച്ചു; താങ്കളുടെ വിവാഹം കഴിഞ്ഞോ?. അദ്ദേഹം പറഞ്ഞു അതെ. തിരുമേനി ചോദിച്ചു ആരെയാണ് വിവാഹം കഴിച്ചത്. അദ്ദേഹം പറഞ്ഞു; ഒരു അൻസ്വാ രി സ്ത്രീയെ. എത്ര മഹർ നൽകിയെന്ന് ചോദിച്ചപ്പോൾ അദ്ദേഹം മറുപടി പറഞ്ഞു; ഒരു കാരക്കാക്കുരുവിന്റെ അത്രയും തൂക്കം സ്വർണ്ണം. നബി(സ)തിരുമേനി പറഞ്ഞു; ഒരു ആടിനെ അറുത്താണെങ്കിലും വലീമ സൽക്കാരം നടത്തുക.

ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫ്, ബദർ ഉഹദ് യുദ്ധങ്ങളുൾപ്പെടെയുള്ള എല്ലാ യുദ്ധങ്ങളിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുത്തു.

ഹുസൂർ തിരുമനസ്സ് പറഞ്ഞു, ഹദ്റത്ത് അബ്ദുറഹ്മാനുബ്നു ഔഫിനെ കുറിച്ച് ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

اَلْحَمْدُ لِلّٰہِ نَحمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَ نَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ- عِبَادَاللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوْا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ-

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 12.06.2020
Malayalam Translation: **Moulavi K. Najmuddin Muriyakkanni** For Malayalam Desk, Qadian.

Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516